# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 21 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### ഇവരിൽ പലരും തീർത്ഥാടകർക്ക് മുമ്പേ വന്നവർ

ശബരിമല: പമ്പ മുതൽ സന്നിധാനം വരെ മലകയറുന്ന അയ്യപ്പന്മാരുടെ എണ്ണിയാൽ തീരാത്ത ശരണംവിളികൾക്ക് കാതുകൊടുത്തും തണലേകിയും നിൽക്കുകയാണ് ശബരീശന്റെ പൂങ്കാവനത്തിലെ മരങ്ങൾ. വലിപ്പച്ചെറുപ്പം കൊണ്ടും നൂറ്റാണ്ടുകളുടെ പഴക്കംകൊണ്ടും തീർഥാടകരുടെ ശ്രദ്ധപിടിച്ചുപറ്റുന്നവയാണ് പശ്ചിമഘട്ട വനനിരയിലെ കടുവാ സംരക്ഷണ വനത്തിന്റെ ഭാഗമായ ഈ മരങ്ങൾ. വർഷങ്ങളായി വ്യതനിഷ്ടയോടെ അയ്യപ്പനെക്കണ്ട് മടങ്ങുന്ന തീർഥാടകർക്ക് മരങ്ങളിൽ  പലതിന്റെയും വളർച്ചയും തളർച്ചയും മന:പാഠം.

മഴക്കാടുകളുടെ സ്വഭാവമുള്ള ഇടതൂർന്ന വനമാണ് ശബരിമല പൂങ്കാവനത്തിന്റെ സവിശേഷത. കാട്ടുപുന്ന അഥവാ പുന്നപ്പ എന്ന മരമാണ് ഏറ്റവും വലിപ്പമേറിയ മരം. തൊലി വിണ്ടുകീറിയതുപോലെ കാണപ്പെടുന്ന ഇവയ്ക്ക് മുപ്പതുമീറ്റർ വരെ ഉയരം വയ്ക്കും. രണ്ടുപേർക്ക് പിടിച്ചാൽ പോലും പിടിമുട്ടാത്ത വണ്ണവും ഇവയുടെ പ്രത്യേകതയാണ്. നാട്ടിലെ ആഞ്ഞിലിയുടെ വന്യ ജനുസ്സായ കാരാഞ്ഞിലിയും ഇവിടെ ഏറെ കാണാം. മതിൽക്കെട്ട് പോലുള്ള വലിയ വേടോടുകൂടിയ ചീനിമരം ഏവരെയും കൗതുകപ്പെടുത്തുന്നതാണ്. ഏറ്റവും ഭാരമേറിയ കമ്പകം എന്ന ഇനത്തിൽപ്പെട്ട വൃക്ഷവും പാതയോരത്ത് ധാരാളമായി കാണാം. കൂടാതെ ഇരുവശത്തുമായി മഴമരങ്ങൾ ധാരാളമായി തണൽ നൽകി വരുന്നുണ്ട്.

സന്നിധാനത്ത് നിന്ന് താഴേക്ക് നോക്കുന്ന ഭക്തർക്ക് പൂത്തുനിൽക്കുന്ന പൂമ

രങ്ങൾ ഹൃദ്യമായ കാഴ്ചാനുഭവമാണ്. സാധാരണ ആഞ്ഞിലി, കാട്ടുപ്ലാവ്, കാട്ടുമാവ് എന്നിവയും ധാരാളമായി ഇവിടെ കാണുന്നു. സ്വാമിഅയ്യപ്പൻ റോഡിൽ മാവിൻചുവട് എന്ന സ്ഥലം തന്നെയുണ്ട്. നാരങ്ങാവെള്ളം വിതരണം ചെയ്യുന്ന ചിലയിടങ്ങളിൽ നാരക മരങ്ങളും കാണാം.

മരക്കൂട്ടത്ത് പതിവിൽക്കൂടുതൽ മരങ്ങൾ ഉള്ളതിനാലാണ് അതിന് ആ പേര് തന്നെ വന്നത്. ഇവിടെ മരങ്ങൾ കൂടുതലുള്ളതുകൊണ്ട് മണ്ണൊലിപ്പ് കുറവാണെന്ന് ശബരിമല വനം വകുപ്പിന്റെ ഡെപ്യൂട്ടി റേഞ്ച് ഓഫീസറായ എൻ. വി.സതീശൻ പറയുന്നു. വർഷങ്ങളായുള്ള അയ്യപ്പൻമാരുടെ തിരക്കും പ്ലാസ്റ്റിക്കും മാലിന്യങ്ങളും വലിച്ചെറിയുന്നതും സ്വാഭാവിക വനത്തിനും മരങ്ങൾക്കും ശോഷണം ഉണ്ടാക്കും. ഇത് പരിഹരിക്കാനായി സംസ്ഥാന വനം വകുപ്പ് വനവത്കരണ പരിപാടി ഇവിടെയും നടപ്പാക്കിയിട്ടുണ്ട്.

നീലിമല കാനനപാതയിൽ ഞാവൽ മരങ്ങൾ ധാരാളമായി വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇവ ഇപ്പോൾ പൂത്തു കായ്ഫലം നൽകാൻ തുടങ്ങി. ഞാവൽപഴം കഴിക്കാനായി മലമുഴക്കി വേഴാമ്പൽ ഇവിടേക്ക് എത്തുന്നതായി സതീശൻ പറഞ്ഞു. കൂടാതെ കരിങ്കുരങ്ങ്, നാടൻകുരങ്ങ്, സിംഹവാലൻ കുരങ്ങ് തുടങ്ങിയവയെയും തീർത്ഥാടകർക്ക് ഇപ്പോൾ ഏറെക്കാണാൻ കഴിയുന്നുണ്ട്. മലയണ്ണാനും ഞാവൽ മരങ്ങളെ ഏറെ ആശ്രയിക്കുന്നുണ്ട്. പുൽമേട് ആരംഭിക്കുന്നതിന് മുമ്പ് കഴുതക്കുഴിയിൽ വേടിപ്ലാവ് ഏറെ കാണുന്നുണ്ട്. ഇത് സിംഹവാലൻകുരങ്ങിന്റെ ഇഷ്ടഭക്ഷണമാണ്. മരക്കൂട്ടത്തിന് സമീപം ഒടിഞ്ഞുവീണ ഇലവുമരത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ശബരിമല സന്നിധാനത്തേക്കുള്ള വഴിയോരത്തെ ഈ മരത്തിന്റെ വലുപ്പവും രൂപവും അയ്യപ്പന്മാർ മറക്കാനാകാത്ത അനുഭവമായിരുന്നു. വർഷങ്ങളായി തീർത്ഥാടനം നടത്തുന്ന അയ്യപ്പന്മാർ ഇത്തവണ എത്തുമ്പോൾ വേദനയോടെ കാണുന്നത് ഒടിഞ്ഞു കിടക്കുന്ന ഇലവുമരമാണ്. ശബരിമല റിസർവ്ഫോറസ്റ്റിൽ ഒടിഞ്ഞുവീഴുന്ന മരങ്ങൾ എത്ര വിലപിടിപ്പുള്ളതായാലും അവിടെത്തന്നെ കിടന്ന് പ്രകൃതിയോട് ചേരുകയാണ് ചെയ്യുന്നത്.

## സഹാസ് കാർഡിയോളജി സെന്ററിലും സോപാനം ക്ലിനിക്കിലും 4108 പേർ ചികിത്സ തേടി

ശബരിമല: മണ്ഡലകാലത്ത് ഇതുവരെ സഹാസ് കാർഡിയോളജി സെന്ററിലും സോപാനം ക്ലിനിക്കിലും 4108 പേർ ചികിത്സ തേടി. ഇതിൽ 1078 പേർ ഹൃദ്രോഗസംബന്ധമായ ചികിത്സയ്ക്കാണ് വന്നത്. ഐസിയുവിൽ ചികിത്സ തേടിയ 95 ൽ 18 പേർക്ക് സ്ട്രെപ്റ്റോകിനോസ് ഇൻജക്ഷനും രണ്ടുപേർക്ക് ഹെപ്പാരിനും നൽകി. 11 പേർക്ക് വെന്റിലേറ്റർ സപ്പോർട്ടും ഒരാൾക്ക് ഡിഫിബ്രിലേറ്ററും നൽകി. നാലുപേരെ റസ്ക്യൂ ആംബുലൻസിൽ പമ്പയിലും തുടർന്ന് കോട്ടയം മെഡിക്കൽ കോളജിലും എത്തിച്ചു. 20 പേരെ സ്ട്രെക്ചറിൽ പമ്പയിൽ എത്തിച്ചു. ബോധവൽക്കരണമുൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ സഹാസ് നടത്തുന്നുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്ലിനിക്കൾ ലബോറട്ടറിയുടെ സേവനം പൂർണമായും സൗജന്യമാണ്. ഹൃദയാരോഗ്യം കണ്ടുപിടിക്കാനുള്ള ട്രോപ്-ഐ ട്രോപ്-ടി, സിപികെ, ഇസിജി എന്നീ പരിശോധനകൾ 5710 എണ്ണം നടത്തിയിട്ടുണ്ട്. മാസപൂജ ദിവസങ്ങ

ളിൽക്കൂടി സഹാസ് കാർഡിയോളജി സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഭാരവാഹികൾ. ഒപ്പം സന്നിധാനത്ത് ഒരു ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്.

കഴിഞ്ഞ 22 വർഷമായി സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന ഡോ. ഒ. വാസുദേവനാണ് ക്ലിനിക്കിന്റെ ചുമതല. കോട്ടയം മെഡിക്കൽ കോളജിലെ കാർഡിയോളജി വിഭാഗത്തിലെ ഡോക്ടർ വിജിത്ത്, തിരുവനന്തപുരം മെഡിക്കൽ കോളജ് ഫിസിഷ്യൻ ഡോ. അഖിൽ ഉൾപ്പെടെ 22 ഓളം ആരോഗ്യപ്രവർത്തകർ സേവനം അനുഷ്ഠിക്കുന്നു. പതിനെട്ടാംപടി കയറി എത്തുന്നവരുടെ അസ്വസ്ഥതകൾ പരിശോധിക്കുന്നതിന് തിരുമുറ്റത്ത് സഹാസ് കാർഡിയോളജിയുടെ പ്രാഥമിക ശുശ്രൂഷാവിഭാഗം അഞ്ചുവർഷമായി പ്രവർത്തിക്കുന്നു. അമിത രക്തസമ്മർദ്ദം, ഹൃദ്രോഗം, പ്രമേഹം, ശ്വാസകോശരോഗങ്ങൾ എന്നിവ ഉള്ളവർക്ക് ഉണ്ടാകുന്ന അസ്വസ്ഥതകൾ പരിശോധിക്കുന്നതിന് സോപാനം ക്ലിനിക്കിൽ സൗകര്യമുണ്ട്. നവംബർ 14 നാണ് ഈ മണ്ഡല -മകരവിളക്ക് കാലത്തെ സേവനം ആരംഭിച്ചത്.

## കടകളിൽ റെയ്ഡ്: 62500 രൂപ പിഴ ഈടാക്കി

ശബരിമല: മണ്ഡല മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനത്തും പരിസര പ്രദേശങ്ങളിലുമുള്ള ഹോട്ടലുകൾ, വിരികൾ, സ്റ്റീൽപാത്രക്കടകൾ എന്നിവിടങ്ങളിൽ നടത്തിയ റെയ്ഡിൽ 62500 രൂപ പിഴ ഈടാക്കി. തുടർച്ചയായി ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് മാളികപ്പുറം ക്ഷേത്രത്തിന് സമീപമുള്ള തുളസീധരൻ പിള്ളയുടെ സ്റ്റീൽ പാത്രക്കട അടച്ചുപൂട്ടി. വിരികൾക്കകത്ത് അനധികൃതമായി മാലയും വളയും വില്പന നടത്തിയ രണ്ടുപേർക്കെതിരെ നടപടി സ്വീകരിച്ചു. ഡ്യൂട്ടി മജിസ്ട്രേറ്റ് കെ.ആർ രവീന്ദ്രൻ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എസ് സന്തോഷ്കുമാർ എന്നിവർ റെയ്ഡിന് നേതൃത്വം നൽകി. ലീഗൽ മെട്രോളജി ഇൻസ്പെക്ടർ കെവി ബുഹാരി, വില്ലേജ് ഓഫീസർ തുളസീരാജ്, റേഷനിംഗ് ഇൻസ്പെക്ടർ ഗോപകുമാർ തുടങ്ങിയവർ റെയ്ഡിൽ പങ്കെടുത്തു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ / DECEMBER 21 | 2016 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### തങ്ക അങ്കി ഘോഷയാത്ര
### ഇന്ന് പുറപ്പെടും

ശബരിമല: ശബരിമല മണ്ഡലപൂജ ദിവസം അയ്യപ്പന് ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ആറൻമുള ശ്രീ പാർത്ഥസാരഥി ക്ഷേത്ര സന്നിധിയിൽ നിന്ന് ഇന്ന് (ഡിസംബർ 22) രാവിലെ ഏഴിന് ആരംഭിക്കും. അലങ്കരിച്ച രഥത്തിൽ തങ്ക അങ്കിയും വഹിച്ചുള്ള ഘോഷയാത്ര വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് 25ന് വൈകിട്ട് ദീപാരാധനയ്ക്ക് മുമ്പ് ശബരിമല സന്നിധാനത്ത് എത്തിച്ചേരും. വ്യാഴാഴ്ച രാവിലെ അഞ്ച് മണി മുതൽ ഏഴുമണിവരെ ആറൻമുള ക്ഷേത്രാങ്കണത്തിൽ തങ്ക അങ്കി ഭക്തജനങ്ങൾക്ക് ദർശിക്കുന്നതിനും കാണിക്ക അർപ്പിക്കുന്നതിനുമുള്ള അവസരമുണ്ട്. വിവിധ ക്ഷേത്രങ്ങളിലെ സ്വീകരണത്തിന് ശേഷം 25 ന് ഉച്ചയോടെ തങ്ക അങ്കി പമ്പയിൽ എത്തിച്ചേരും. പമ്പയിൽ നിന്ന് മൂന്നുമണിക്ക് പുറപ്പെട്ട് അഞ്ചുമണിയോടുകൂടി ശരംകുത്തിയിൽ എത്തിച്ചേരുകയും ശബരിമല ക്ഷേത്രത്തിൽ നിന്ന് ആചാരപൂർവം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കുകയും ചെയ്യും.

തങ്കഅങ്കി ഘോഷയാത്ര ഇന്ന് എത്തുന്ന സ്ഥലങ്ങളും സമയവും: 22ന് രാവിലെ ഏഴ് ആറന്മുള പാർഥസാരഥി ക്ഷേത്രം(ആരംഭം), മൂർത്തിട്ട ഗണപതി ക്ഷേത്രം-7.30, പുന്നംതോട്ടം ദേവിക്ഷേത്രം-എട്ട്, ചവുട്ടുകുളം മഹാദേവ ക്ഷേത്രം-8.15, തിരുവഞ്ചാംകാവ് ദേവിക്ഷേത്രം-8.45, നെടുംപ്രയാർ തേവലശേരി ദേവിക്ഷേത്രം-10 (പ്രഭാതഭക്ഷണം), നെടുംപ്രയാർ ജംഗ്ഷൻ-10.15, കോഴഞ്ചേരി ടൗൺ-10.30, കോഴഞ്ചേരി -പാമ്പാടിമൺ-11, കാരംവേലി-11.15,

ഇലന്തൂർ ശ്രീഭഗവതികുന്ന് ` ദേവിക്ഷേത്രം-11.45, ഇലന്തൂർ ഗണപതിക്ഷേത്രം-ഉച്ചയ്ക്ക് 12.30, ഇലന്തൂർ നാരാണണമംഗലം(ഭക്ഷണം, വിശ്രമം)-ഉച്ചയ്ക്ക് ഒന്ന്, അയത്തിൽ മലനട ജംഗ്ഷൻ-2.30, അയത്തിൽ കുടുംബയോഗ മന്ദിരം- 2.45, അയത്തിൽ ഗുരുമന്ദിരം ജംഗ്ഷൻ-മൂന്ന്, മെഴുവേലി ആനന്ദഭൂതേശ്വരം- 3.30, ഇലവുംതിട്ട ദേവീക്ഷേത്രം- വൈകിട്ട് 4.15, ഇലവുംതിട്ട മലനട-5.15, മുട്ടത്തുകോണം എസ്എൻഡിപി മന്ദിരം-ആറ്, കൈതവന ദേവീക്ഷേത്രം-രാത്രി 7.30, പ്രക്കാനം ഇടനാട് ഭഗവതിക്ഷേത്രം- എട്ട്, ചീക്കനാൽ-8.30, ഊപ്പമ ജംഗ്ഷൻ-ഒൻപത്, ഓമല്ലൂർ ശ്രീ രക്തകണ്ഠസ്വാമി ക്ഷേത്രം(രാത്രി വിശ്രമം)-9.30.

### ലോഗോ പ്രകാശനം ചെയ്തു

ശബരിമല: അഖിലകേരള ശ്രീ അയ്യപ്പസേവാ സംഘത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. ശബരിമല തന്ത്രി ബ്രഹ്മശ്രീ കണ്ഠര് രാജീവര് മേൽശാന്തി ടി.എം ഉണ്ണികൃഷ്ണൻ നമ്പൂതിരിക്ക് ലോഗോ നൽകിക്കൊണ്ടാണ് പ്രകാശനം ചെയ്തത്. ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ സന്നിഹിതനായിരുന്നു.

### കൊടിമര പ്രതിഷ്ഠ ജൂൺ 25 ന് : തന്ത്രി കണ്ഠര് രാജീവര്

ശബരിമല: ശബരിമല അയ്യപ്പസ്വാമീ ക്ഷേത്രത്തിലെ നിലവിലുള്ള കൊടിമരത്തിന് കേടുപാടുകൾ ഉണ്ടെന്ന് ദേവപ്രശ്നത്തിൽ മനസ്സിലാക്കിയതിനെതുടർന്ന് പുതിയ കൊടിമരം നിർമിക്കാൻവേണ്ട ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. പുതിയ കൊടിമരത്തിന്റെ പ്രതിഷ്ഠ ജൂൺ 25 ന് നടത്താൻ ഉദ്ദേശിക്കുന്നതായും തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. കൊടിമരത്തിനുള്ള തേക്കിൻതടി എണ്ണത്തോണിയിൽ നിക്ഷേപിച്ചിരിക്കുയാണ്. പറയുടെ പണി മാന്നാറിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ മണ്ഡലകാലം വിവാദങ്ങളില്ലാതെ ഭംഗിയായും മംഗളമായും നടത്തുവാൻ കഴിഞ്ഞതിൽ തന്ത്രി ഏറെ സന്തുഷ്ടി പ്രകടിപ്പിച്ചു. ഡിസംബർ 26നാണ് മണ്ഡലപൂജ. അന്ന് രാത്രി അയ്യപ്പൻ ഭസ്മാഭിഷിക്തനാകും. രുദ്രാക്ഷമാല ധരിച്ച് ഹരിവരാസനം ചൊല്ലി നടയടയ്ക്കും. അന്ന് ഉച്ചയ്ക്ക് കളഭാഭിഷേകം ഉച്ചപൂജ എന്നിവ 12നും 12.15 ന് ഇടയ്ക്ക് നടക്കും. 25 വരെ നെയ്യഭിഷേകം ഉണ്ടാകും. 25ന് വൈകിട്ട് തങ്കഅങ്കി ചാർത്തിയുള്ള ദീപാരാധന വളരെ വിശിഷ്ടമായ ഒരുചടങ്ങാണ്.

### അടിയന്തിര സാഹചര്യം നേരിടാൻ സജ്ജമായി ദേശീയ ദുരന്തനിവാരണ സേന, എൻ.ഡി.ആർ.എഫ്

ശബരിമല: അടിയന്തിര സാഹചര്യം നേരിടുന്നതിന് ദേശീയ ദുരന്തനിവാരണ സേന എൻ.ഡി.ആർ.എഫിന്റെ രണ്ട് സംഘം സന്നിധാനത്ത് ജാഗരൂകരാണ്. അസി. കമ്മാൻഡന്റ് ടി.എം. ജിതേഷിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് 60 ഉം പമ്പയിൽ 20 ഉം പേരാണ് സംഘത്തിലുള്ളത്. സന്നിധാനം ദൗത്യാംഗങ്ങളിൽ പാരാമെഡിക്കൽ സ്റ്റാഫ്, സർച്ച് ആന്റ് റസ്ക്യു ടീം, ഡിസാസ്റ്റർ കമ്മ്യൂണിക്കേഷൻ ടീം എന്നീ വിദഗ്ദ്ധരാണുള്ളത്. വാട്ടർ സേർച്ച് ടീം, ഇൻഫ്ലേറ്റബിൾ ബോട്ട്, ഡൈവർമാർ, ഡീപ് ഡൈവിങ് സെറ്റ് എന്നീ സംവീധാനങ്ങളോടെയാണ് പമ്പ ദുരന്തനിവാരണ സംഘം നിലയുറപ്പിച്ചുട്ടുള്ളത്. കുഴഞ്ഞുവീഴുന്നവരെ അടിയന്തിര സാഹചര്യങ്ങളിൽ തിരക്കിനുള്ളിൽ നിന്ന് നീക്കി ആശുപത്രിയിലെത്തിക്കുന്നതിന് ഓക്സിജൻ

തെറാപ്പി സൗകര്യമുള്ള ക്രിറ്റിക്കൽ ഓക്സിജൻ തെറാപ്പി സപ്പോർട്ട് എമർജൻസ് സർവ്വീസ് സംഘം എന്നിവയുടെ സൗകര്യവും സംഘം സജ്ജമാക്കിയിട്ടുണ്ട്. തമിഴ്നാട് ആറക്കോണം നാലാം ബറ്റാലിയനിലെ അംഗങ്ങളാണ് സന്നിധാനത്തെത്തിയിട്ടുള്ളത്.

**ഭക്ഷ്യസുരക്ഷ വീഴ്ചഃ 25 രൂപ പിഴയിട്ടു**

ശബരിമല: ഭക്ഷ്യസുരക്ഷാനിയമം പാലിക്കാതെ ഭക്ഷണപദാർത്ഥങ്ങളുംടെ വിൽപ്പന നടത്തിയതിന് ഭക്ഷ്യ സുരക്ഷാകമ്മീഷണർ 25,000 രൂപ പിഴ ചുമത്തി. സന്നിധാനത്ത് ഓൺലൈൻ പ്രസാദകൗണ്ടറിന്റെ സമീപമുള്ള 49-ാം നമ്പർ ഫ്രൂട്ട്സ് സ്റ്റാളിനാണ് പിഴ ചുമത്തിയത്. ഭക്ഷ്യസുരക്ഷാ സർട്ടിഫിക്കറ്റുകളോ തൊഴിലാളികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളോ പരിശോധനാ വേളയിൽ ഹാജരാക്കാൻ കടയുടമയ്ക്കായില്ല. ഉത്തരവിനെതിരെ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് അപ്പീൽ സമർപ്പിക്കാമെന്നും ഉത്തരവിലുണ്ട്.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 21 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

## സന്നിധാനത്ത് ഇന്ന് ദേവസ്വം ബോർഡ് ജീവനക്കാരുടെ കർപ്പൂര ആഴി

ശബരിമല സന്നിധാനത്ത് ഇന്ന് (ഡിസംബർ 22) വൈകിട്ട് 6.30ന് കൊടിമരച്ചുവട്ടിൽ നിന്ന് ദേവസ്വം ബോർഡ് ജീവനക്കാരുടെ കർപ്പൂര ആഴി നടക്കും. നാളെ 23ന് വൈകിട്ട് 6.30ന് കേരള പൊലീസിന്റെ കർപ്പൂര ഘോഷയാത്ര നടത്തും.

